പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൻ റിപ്പോർട്ടും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

2.പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തി ഒൻപതുമുതൽ നൂറ്റി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മാത്യു റ്റി. തോമസ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അംഗമായ ഞാൻ കമ്മിറ്റിയുടെ എൺപത്തി ഒൻപതുമുതൽ നൂറ്റി രണ്ടുവരെയുള്ള റിപ്പോർട്ടുകൾ സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി സമർപ്പിക്കുന്നു.

3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അംഗമായ ഞാൻ കമ്മിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി സമർപ്പിക്കുന്നു.

4. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. മമ്മൂട്ടി: സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VIII ധനകാര്യം

2015-16 സാമ്പത്തിക വർഷത്തേയുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം

LIBRARY ARCHIVES Kerala Legislative Assembly